

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 6. 2 www.iccvienna.org April – May 2011


# Message of the Chaplain

നമ്മുടെ മലയാളി ഇടവകയെ സംബന്ധിച്ച് ഏറ്റവും ആചരണ സ്മരണാർഹമായ ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ പ്രവേശിയ്ക്കയാണല്ലോ. നമ്മുടെ നവീകരണ ധ്യാനവും, വിശുദ്ധ വാരാചരണവും, മേയ്മാസ വണക്കവും, ഇടവകയുടെ നേതൃശുശ്രൂഷയ്ക്കായി പള്ളിക്കമ്മിറ്റിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ തെരെഞ്ഞെടുപ്പും മാത്രമല്ല, നമ്മുടെ കൂട്ടായ്മയ്ക്ക് ഒട്ടേറെ ശക്തിയും സന്തോഷവും നൽകുന്ന ഇടവകയിലെ ദമ്പതിമാരുടെ വിവാഹ വാർഷിക സ്തോത്രബലിയും, കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണവും സ്ഥൈര്യലേപന സ്വീകരണവും നമ്മുടെ ആത്മീയകൂട്ടായ്മയെ അത്യധികം അനുഭവസമ്പന്നമാക്കും. നമ്മുടെ വിശ്വാസത്തേയും ഇടവകാരൂപിയേയും സ്നേഹ ബന്ധങ്ങളേയും ആഴമായ ആത്മീയ ചൈതന്യത്തേയും പരിപോഷിപ്പിക്കുന്ന ത്രീത്വൈക ദൈവത്തിന് നമുക്ക് നന്ദി പറയാം.

ഈയവസരത്തിൽ, സീറോമലബാർ സഭയുടെ പരമാദ്ധ്യക്ഷനായ ശ്രേഷ്ഠ മെത്രാപ്പോലീത്ത കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന്റെ നിര്യാണത്തിൽ നമ്മുടെ ഇടവകയുടെ പ്രാർത്ഥനയും അനുശോചനവും അർപ്പിക്കാം. അഭിവന്ദ്യ പിതാവിനെപ്പറ്റിയുള്ള താഴെപ്പറയുന്ന സന്ദേശങ്ങൾ ശ്രദ്ധിക്കുക:

‘‘രാജ്യാന്തര തലത്തിൽത്തന്നെ കത്തോലിക്കാ സഭയ്ക്കുണ്ടായ തീരാനഷ്ടമാണ് സീറോ മലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ വേർപാട്. ധീരനും സൗമ്യനുമായ ആത്മീയ നേതാവിനെയാണ് സീറോ മലബാർ സഭയ്ക്കും ഭാരത കത്തോലിക്കാ സഭയ്ക്കും നഷ്ടമായത്. മാർ വിതയത്തിൽ, അചഞ്ചലമായ സഭാവിശ്വാസത്തോടെയും ആർക്കും നിഷേധിക്കാനാവാത്ത കത്തോലിക്കാ ധാർമികതയിലുമാണ് സഭയെ നയിച്ചത്. വിശ്വാസം, സാമൂഹ്യം, രാഷ്ട്രീയം, സാമ്പത്തീകം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ നിലപാടുകളിൽ ഉറച്ചുനിന്ന അദ്ദേഹം പ്രതികൂല സാഹചര്യങ്ങളിൽ സഭയെ ധീരമായി നയിച്ച ആത്മീയാചാര്യനായിരുന്നു. ദരിദ്രരോടും സാധാരണക്കാരോടും പ്രത്യേകം താൽപര്യം കാണിച്ചത് മാത്രമല്ല, പാവപ്പെട്ടവർക്കായി ശബ്ദമുയർത്തിയതും അദ്ദേഹത്തിന്റെ എടുത്തുപറയേണ്ട ഗുണങ്ങളാണ്. ലാളിത്യവും വിനയവുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ഭാരതസഭ നേരിട്ട സാമൂഹ്യപ്രശ്നങ്ങളിൽ തന്റെ ഉറച്ച നിലപാടുമൂലം സഭാനേതാക്കളിൽ വ്യത്യസ്തനായാണ് കർദ്ദിനാൾ അറിയപ്പെട്ടിരുന്നത്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തത്പരനായിരുന്ന വ്യക്തിയായിരുന്നു.’’(CBCI)

‘‘കേരള കത്തോലിക്കാ സഭയിലും സമൂഹത്തിലും ആത്മീയതയുടെ നവ്യപ്രഭ പരത്തിയ സന്യാസ ശ്രേഷ്ഠനായിരുന്നു കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. കേരള കത്തോലിക്കാ സഭയുടെ ഐക്യത്തിനും വിമോചനത്തിനും വികസനത്തിനും 2001 മുതൽ 2004 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് ആയിരുന്ന കാലഘട്ടത്തിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾ ആർക്കും വിസ്മരിക്കാനാവില്ല. ലാളിത്യം, ദൃഢമായ വിശ്വാസം, ആഴവും പരപ്പുമുള്ള വിജ്ഞാനം, സ്നേഹവും സാഹോദര്യവും അടിസ്ഥാനമാക്കിയ കാര്യക്ഷമത എന്നിവ അദ്ദേഹത്തിന്റെ വേറിട്ട സവിശേഷതകളായിരുന്നു. സഭയിലേയും സമൂഹത്തിലേയും ഭിന്ന വീക്ഷണങ്ങളെ സഹിഷ്ണതയോടെ സമീപിച്ച അഭിവന്ദ്യ പിതാവ് സ്വന്തം അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനുള്ള ധീരത എന്നും കാണിച്ചു.’’ (KCBC)

## അഭിവന്ദ്യ പിതാവിന് വിയന്നായിലെ മലയാളി കത്തോലിക്കാ ഇടവകയുടെ പ്രാർത്ഥനാ നിർഭരമായ സ്മരണാഞ്ചലികൾ അർപ്പിക്കുന്നു.

ഉയിർപ്പു തിരുനാളിന് നമുക്ക് ലഭിച്ചിരിക്കുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ ഈസ്റ്റർ സന്ദേശത്തിന്റെ സാരാംശം ശ്രദ്ധിക്കുക: ‘‘രക്ഷാകര ചരിത്രത്തിലെ ഏറ്റവും വലിയ സംഭവമായ, തിരുനാളുകളുടെ തിരുനാളായ ഈശോയുടെ ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ലോകത്തിന്റെ അതിർത്തികൾവരെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ ദൈവത്താൽ പ്രത്യേകം വിളിക്കപ്പെട്ട പ്രവാസികളായ സഭാമക്കൾക്ക് സ്നേഹപൂർവ്വം നേരുന്നു. ഈശോയുടെ ഉത്ഥാനമാണ് നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരം. ഉത്ഥിതനായ ഈശോയുടെ ജീവിതത്തിലെ സംഭവങ്ങൾ ചരിത്രപരമായും കാലക്രമമനുസരിച്ചും വിശകലനം ചെയ്യുകയല്ല ഉയിർപ്പുകാലത്തിന്റെ ലക്ഷ്യം. മറിച്ച്, അഗാധമായ പെസഹാ രഹസ്യത്തിന്റെ തലങ്ങൾ ക്രിസ്തീയ ജീവിതത്തിൽ സാംശീകരിക്കുവാൻ പരിശ്രമിക്കുക എന്നതാണ്. ഉത്ഥാനം ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രതികരണമാണ്. സ്നേഹം അനശ്വരമാക്കാനുള്ള ദൈവത്തിന്റെ അവാച്യമായ ആഗ്രഹത്തിന്റെ പ്രകടനമാണ്. അതിനാൽ മിശിഹായുടെ ഉത്ഥാനത്തോടുള്ള നമ്മുടെ പ്രതികരണം നാം ധ്യാനവിഷയമാക്കേണ്ടിയിരിക്കുന്നു. അന്യനാടുകളിൽ ക്രിസ്തീയ കൂട്ടായ്മയുടെ ചൈതന്യത്തിൽ ഉത്ഥാനാനുഭവം സ്വന്തമാക്കുവാൻ സഭയിലെ പ്രവാസികളായ വിശ്വാസികൾക്ക് കഴിയട്ടെ. അഗാധവും സ്നേഹനിർഭരവുമായ വാത്സല്യവും പ്രാർത്ഥനകളും ഞാൻ നിങ്ങളെ അറിയിക്കട്ടെ.’’(മാർ സെബാസ്റ്റ്യൻ വടക്കേൽ).

നിങ്ങൾക്കേവർക്കും ഐസിസി പള്ളിക്കമ്മേറ്റി അംഗങ്ങളുടേയും ജോയി അച്ചന്റേയും എന്റേയും ഈസ്റ്റർ ആശംസകൾ നേർന്നുകൊണ്ട്,

P. Thomas CST, Chaplain

# Forthcoming important Events

## 1. Annual Retreat :

13th April Wednesday: 8.30 Rosary, 9.00 to 17.00 Retreat services
14th April Thursday: 8.30 Rosary, 9.00 to 19.00 Retreat services
15th April Friday: 9.30 Rosary, 10.00 to 20.00 Retreat services
16th April Saturday. 8.30 Rosary, 9.00 to 16.00 Retreat services.
Conclusion of the Annual Retreat

Retreat is leading by Rev. Fr. Xavier Khan Vattayil, Director of Sehion Retreat Centre, Attappady, Team: Mr. Thanachan Francis and Mr. Madhavan Pottamthadathil

-Registration Fee € 10,- for the all, except for the youth till 25 years.
-Noon Meals will be served for € 4,- per plate.
-Coffee and Tea will be served free of charge twice per day.
-Possibility for Confession on all the days of Retreat according to the availability of priests.
-All the services in connection with the Annual Retreat will be done only in the centre of Retreat, and not in the Residence of stay of the Preachers.

## 2. Services in the Holy Week:

| | | | |
|---|---|---|---|
| Palm Sunday Liturgy<br>Main Celebrant: ICC Chaplain | Sunday 17th April | 15:00 hrs | Maria Lourdes |
| Maundy Thursday<br>Main Celebrant: ICC Chaplain | 21st April | 14: 00 hrs | Maria Lourdes, Meidling |
| Good Friday<br>Main Celebrant: Assist.Chaplain | 22nd April | 09:30 hrs | Maria Lourdes, Meidling |
| Holy Saturday. Malayalam Mass | 23rd April | 8. 15 hrs | Only in Meidling |
| Easter Sunday Liturgy<br>Main Celebrant: Fr. Sebastian<br>Message: Fr. Thomas Kochuchira | 24th April | 15:00 hrs | Maria Lourdes Meidling |
| Youth Festival Music Competition & Fancy Dress | Easter Monday, 25th April | 13-20 hrs | Pfarrsaal Stadlau Erzherz.p. 176 |
| Youth Festival (Painting Competition) | Saturday 30th April | 15.45 to 18 hrs | Kairali Nikethan School |
| Thanksgiving Mass for the ICC Marital Couples (25-30 years) | Sunday 1st May | 11:30 hrs | Maria Lourdes, Meidling |
| Youth Festival Dances, (except Christian dances) | 14th May | 10-19 hrs | Haus der Begegnung, Floridsdorf |
| ICC Parish Committee Meeting | 20th May | 19:30 hrs | Meidling |
| Youth Liturgy | 22nd May | 11. 30 hrs | Maria Lourdes, Meidling |
| Kairaly Nikethan School Examinations | 28th May | 14-15.30 | Kairaly Nikethan School |

## 3. ICC Parish Committee Election:

Last date for Receipt of Nominations : 8th May 2011 till 19. 00hrs
Last date for withdrawal of Nominations : 15th May 2011 till 19. 00hrs
Scrutiny & Finalization of eligible Candidates : 16th May 2011
Introduction of Candidates after Holy Mass : 22nd May 2011

**Polling date : 29th May 2011**
**Polling time : Meidling 10. 30 to 11.15 hrs & 12. 45 to 14.00 hrs.**
**Stadlau 16. 15 to 17. 15 hrs & 18. 45 to 20. 00 hrs.**

Counting of Votes : 29th May 2011 begins at 20.30 hrs at Stadlau
Declaration of Results and Announcement of the Number of Votes polled by the Candidates : after the completion of the Counting, to be also published in the ICC Website.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*